"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് 1385/2025 & അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം എയ്ഡഡ് സ്കൂളുകളിൽ ബാധകമാക്കുന്നത് - തുടർ മാർഗനിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.30/2026/GEDN തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. ബഹു. സുപ്രീംകോടതി എസ്.എൽ.പി. (സി) നം. 9566/2023 &അനുബന്ധ ഹർജികളിൽ 30.10.2023, 27.01.2025 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ.
2. 24/03/2025 ലെ സ.ഉ.(കൈ) നം. 45/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.
3. കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട 1385/2025 & അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. 16.12.2025 തീയതിയിലെ ജെ.ആർ 1/262/2024/പൊ.വി.വ. സർക്കാർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18-12-2025 തീയതിയിലെ DGE/13618/2025-H2-Part(1) നമ്പർ കത്ത്
6. 01/01/2026 ലെ സ.ഉ.(കൈ) നം. 1/2026/പൊ.വി.വ. സർക്കാർ ഉത്തരവ്.
7. 03/01/2026 ലെ സ.ഉ.(കൈ) നം. 2/2026/പൊ.വി.വ. സർക്കാർ ഉത്തരവ്.
8. 13/01/2026 ലെ സ.ഉ.(കൈ) നം. 5/2026/പൊ.വി.വ. സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് 1385/2025 & അനുബന്ധ സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി 01.09.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് തുടർച്ചയായി താഴെ പറയുന്ന തുടർ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

a) K TET വിഷയവുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതി **01.09.2025** ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തെ തുടർന്ന്, സമാന യോഗ്യത (i.e. SET, NET, M.Ed, M.phil, Ph.D ) യുള്ളവരും 01.09.2025 ന് മുൻപ് മാനേജർമാർ നിയമിച്ചവരും എന്നാൽ നിയമന അംഗീകാരം

ലഭിക്കാത്തവരുമായ അധ്യാപകരെ, മറ്റ വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ, അവരുടെ നിയമന അംഗീകാരം ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള 2 വർഷത്തെ കാലയളവിനുള്ളിൽ പരാമർശം (5) പ്രകാരമുള്ള K-TETയോഗ്യത നേടണമെന്ന വ്യവസ്ഥയിലും ബഹു. സുപ്രീം കോടതിയിൽ ഈ വിഷയത്തിൽ സർക്കാർ ഫയൽ ചെയ്തിരിക്കുന്ന റിവിഷൻ പെറ്റീഷന്റെ തീരുമാനത്തിനും വിധേയമായിട്ടായിരിക്കും എന്ന വ്യവസ്ഥയിലും താത്കാലികാടിസ്ഥാനത്തിൽ നിയമന അംഗീകാരം നൽകേണ്ടതാണ്.

b) മേൽ പ്രകാരം നിയമന അംഗീകാരം അനുവദിക്കുമ്പോൾ, കെ-ടെറ്റ് യോഗ്യത നിശ്ചിത സമയപരിധിയ്ക്കകം നേടിയില്ലെങ്കിൽ അവരുടെ നിയമന അംഗീകാരം റദ്ദ് ചെയ്യാവുന്നതാണെന്നും കൈപ്പറ്റിയ ആനുകൂല്യങ്ങളെല്ലാം തിരിച്ചടച്ചുകൊള്ളാമെന്നും വ്യക്തമാക്കുന്ന ഒരു സമ്മത പത്രം/ബോണ്ട് ബന്ധപ്പെട്ട അധ്യാപകരിൽ നിന്നും നിയമനാംഗീകാരം നൽകുന്ന സമയത്ത് വാങ്ങേണ്ടതും ആയത് ജീവനക്കാരന്റെ സേവന പുസ്തകത്തിൽ ചേർക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ഹയർ സെക്കൻഡറി വിഭാഗം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം).
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന).
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
B Harikumar
Date: 18-02-2026 17:35:59
സെക്ഷൻ ഓഫീസർ